# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2744 — 19.02.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെല്ല് സംഭരണ വില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 2015-16 ഒന്നാം സീസൺ മുതൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) കിലോയ്ക്ക് 19 രൂപയായിരുന്ന സംഭരണ വില 21.50 രൂപയായി 2015-16 ഒന്നാം സീസൺ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാനുള്ളത്; | (സി) പാലക്കാട് ജില്ലയിൽ 01.01.2016 മുതൽ 14.02.2016 വരെ 10.07 കോടി രൂപ കുടിശ്ശികയായി കർഷകർക്ക് നൽകുവാനുണ്ട്. ഇത് നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഡി) നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സ്വകാര്യ നെല്ല് സംരംഭകരെയും ഇടത്തട്ടുകാരെയും പ്രസ്തുത മേഖലയിൽ നിന്നും ഒഴിവാക്കുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപം കൊടുത്ത വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ, കേരളത്തിൽ സപ്ലൈകോ നിർവ്വഹണ ഏജൻസിയായി നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽ നിന്നും നെല്ല് നേരിട്ട് സംഭരിക്കുകയും ആയതിനുള്ള തുക അതാത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഈ പ്രക്രിയയിൽ ഇടത്തട്ടുകാരുടെ ഇടപെടലുകളൊന്നും തന്നെ നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ